DHS/7074/2022-EH1

/26062/2023

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

---

ഇ . എച്ച് 1/ 7074/2022ആ.വ .ഡ തീയതി- 15-02-2023

**<u>സർക്കുലർ</u>**

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2023 -ലെ പൊതു സ്ഥലംമാറ്റം - സ്പാർക്ക് അപ്ഡേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: - 1. സ.ഉ.(പി) നമ്പർ.03/2017/ആ.കു.വ. ഉ.ഭ.പ.വ. തീയതി. 25.02.2017.

2. സ.ഉ.(ആർ.റ്റി) നമ്പർ.215/2023/ആ.കു.വ. തീയതി. 29.01.2023.

3. സർക്കുലർ നം. ഇ . എച്ച് 1/ 7074/2022ആ.വ .ഡ തീയതി- 03/02/2023

4. സർക്കുലർ നം. ഇ . എച്ച് 1/ 7074/2022ആ.വ .ഡ തീയതി- 08/02/2023

ആരോഗ്യ വകുപ്പിൽ 2023 -ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മേൽ പരാമർശം (2) മുതൽ (4) വരെയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സ്പാർക്കിൽ ഓരോ സ്ഥാപനത്തിലും അനുവദിക്കപ്പെട്ട തസ്തികകൾ, നിലവിലുള്ളവരുടെ എണ്ണം എന്നിവ ഇനിയും കൃത്യമായി അപ്ഡേറ്റ് ചെയ്തിട്ടില്ല അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നേഴ്സ് തുടങ്ങി വിവിധ തസ്തികകളിൽ അഡ്ഹോക്ക്/എംപ്ലോയ്മെന്റ് വ്യവസ്ഥകളിൽ നിയമനം നടത്തുകയും പിന്നീട് പിരിച്ചുവിടുകയും ചെയ്തിട്ടുള്ള ധാരാളം ഉദ്യോഗസ്ഥരുടെ P E N ടെർമിനേറ്റ് ചെയ്യാതെ സ്ഥാപനങ്ങളിൽ നിലനിർത്തിയിരിക്കുന്നതായി കാണുന്നു. അത്തരം PEN നമ്പറുകൾ അടിയന്തിരമായി ടെർമിനേറ്റ് ചെയ്യേണ്ടതാണ്.

മേൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്താൽ മാത്രമേ സ്പാർക്കിൽ ഓൺലൈൻ മുഖാന്തിരം പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന വിവരം നേരത്തെ തന്നെ അറിയിച്ചിരുന്നു. എന്നാൽ മേൽ പ്രകാരം നിർദ്ദേശങ്ങൾ നൽകിയ ശേഷവും സ്പാർക്കിൽ പരിശോധിക്കുമ്പോൾ പല തസ്തികകളിലും യാതൊരു അപ്ഡേഷനും വന്നിട്ടുള്ളതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അവരവരുടെ ജില്ലയിൽ മേല്പറയുന്ന സ്പാർക്ക് അപ്ഡേഷൻ നടത്തുന്നതിന് മേൽ നോട്ടം വഹിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെ (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ ) ചുമതലപ്പെടുത്തി അടിയന്തിരമായി ഉത്തരവാകേണ്ടതും ഇത്തരത്തിൽ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് സ്പാർക്ക് അപ്ഡേഷൻ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ **ehsectiondhs@gmail.com** എന്ന ഇ മെയിൽ വിലാസത്തിൽ ഈ ഓഫീസിൽ അന്നേ ദിവസം തന്നെ റിപ്പോർട്ട്ചെയ്യുന്നതിന് നിർദ്ദേശിക്കുന്നു.

SAO DHS

Sobha V

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും

പകർപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

Signed by
Sobha V
Date: 15-02-2023 10:28:02